പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

28.04.2017-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 863

## കാളിക്കടവ് പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ. ജി.സുധാകരൻ (ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നബാർഡ് ആർ.ഐ .ഡി .എഫ് XXII-ൽ ഉൾപ്പെടുത്തി തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ള കാളിക്കടവ് പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയ്ക്കായി എത്ര ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്; | (എ) സ്ഥലമുടമകൾ ഭൂമി സൗജന്യമായി വിട്ടുതരുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചെങ്കിലും നടന്നിട്ടില്ല. ആയതിനാൽ പൊന്നും വിലയ്ക്ക് ആലിപ്പറമ്പ് ഭാഗത്ത് 1800m2 ഉം, ചെർപ്പുളശ്ശേരി ഭാഗത്ത് 1000m2 ഉം സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. |
| (ബി) ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം; | (ബി) ഇല്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സാധ്യമാവുകയുള്ളൂ. |
| (സി) ഈ പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ ഉൾപ്പെടെ പൂർത്തീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (സി) പാലത്തിനും അപ്രോച്ച് റോഡിനും കൂടി ഏകദേശം 10 കോടി രൂപ ആവശ്യമായിവരും. സ്ഥലമെടുപ്പ് നടപടികൾക്ക് 88,70,400/- രൂപ വേണ്ടിവരും. |
| (ഡി) 2017-18 ൽ നബാർഡ് ആർ.ഐ.ഡി.എഫ് - ൽ ഉൾപ്പെടുത്തി പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നബാർഡ് അംഗീകാരത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. |

S. Bindu

സെക്ഷൻ ഓഫീസർ